# അമൃതാനന്ദമയീ മഠത്തിന്റെ ഹരിതവർഷാചരണം

കൊല്ലം: മാതാ അമൃതാനന്ദമയീ മഠത്തിന്റെ പരിസ്ഥിതി വിഭാഗമായ 'ഗ്രീൻ ഫ്രണ്ട്സ്' ഒരു വർഷത്തെ ഹരിതവർഷാചരണം നടത്തും. ലോക പരിസ്ഥിതി ദിനമായ അഞ്ചിനു തുടങ്ങിയ വർഷാചരണം അടുത്ത വർഷം ജൂൺ അഞ്ചു വരെ നീളും. പ്രകൃതിയുടെ നഷ്ടപ്പെട്ട താളം വീണ്ടെടുക്കുകയാണു ഹരിതവർഷാചരണത്തിന്റെ ലക്ഷ്യമെന്നു സംഘാടകർ അറിയിച്ചു. അമൃതപുരിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ കൊച്ചു കുട്ടികൾ വൃക്ഷത്തൈ നട്ടു. ഹരിതവർഷാചരണത്തിന്റെ ഭാഗമായി 'ഗ്രീൻ ഫ്രണ്ട്സ്' യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഇരുപത്തിയഞ്ചിലേറെ രാജ്യങ്ങളിൽ വൃക്ഷത്തൈ നട്ടുപിടിപ്പിക്കും. ജൈവകൃഷി പ്രോൽസാഹിപ്പിക്കും. അമിതമായ ജലം - വൈദ്യുതി ഉപഭോഗം തടയൽ, പ്ലാസ്റ്റിക്കിന്റെയും ഇന്ധനങ്ങളുടെയും ഉപയോഗ നിയന്ത്രണം തുടങ്ങിയവ സംബന്ധിച്ച് അവബോധവും നൽകും.